## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 116 | 28.04.2017 ൽ മറുപടിയ്ക്ക്

**<u>മൂന്നാറിലെ ഭൂമികയ്യേറ്റം</u>**

**<u>ചോദ്യം</u>**

ശ്രീ.അൻവർ സാദത്ത്
ശ്രീ.വി.ഡി.സതീശൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.എ.പി. അനിൽ കുമാർ

**<u>മറുപടി</u>**

ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | മൂന്നാറിലെ അനധികൃത ഭൂമികയ്യേറ്റവും നിർമ്മാണവും തടയുവാനായി മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്തിരുന്നോ; വിശദീകരിക്കാമോ; | (എ) മൂന്നാറിലെ ഭൂമി പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനായി ബഹു.മുഖ്യമന്ത്രി 27/03/2017-ൽ ഒരു യോഗം വിളിച്ചുചേർത്തിരുന്നു. |
| (ബി) | യോഗതീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; എത്ര ഏക്കർ ഭൂമിയാണ് കയ്യേറിയത്; യോഗതീരുമാനമനുസരിച്ച്, കയ്യേറിയ എത്ര ഏക്കർ ഭൂമി തിരിച്ച് പിടിച്ചു എന്നിവ വിശദമാക്കാമോ; | (ബി)യോഗ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | മൂന്നാറിൽ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു; | (സി) മൂന്നാർ ഭൂമി കൈയേറിയതായി കണ്ടെത്തിയിട്ടുള്ള കേസുകളിൽ ഭൂസംരക്ഷണ നിയമങ്ങളും, ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിയ്ക്കൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതും, ചില കേസുകളിൽ കോടതി സ്റ്റേ മൂലം ഒഴിപ്പിക്കൽ സാധിച്ചിട്ടില്ലാത്തതും അത്തരം കേസുകളിന്മേൽ ബന്ധപ്പെട്ട കോടതികൾ മുമ്പാകെ വസ്തുതാ വിവരണ പ്രസ്താവന, എതിർ സത്യവാങ്മൂലം എന്നിവ സമയബന്ധിതമായി തന്നെ സമർപ്പിച്ച് പോരുന്നതുമാണ്. ഒഴിപ്പിച്ച സർക്കാർ ഭൂമി വീണ്ടും കൈയ്യേറപ്പെടാതെ സംരക്ഷിക്കുന്നതിലേയ്ക്കായി ഭൂസംരക്ഷണ സേനയുടെ പട്രോളിംഗ് നടത്തി പോരുന്നു. സർക്കാർ ഭൂമികളിന്മേലുള്ള കൈയ്യേറ്റമെന്ന കണ്ടെത്തിയതും വിവിധ കോടതികളിൽ നടപടികളിലിരിക്കുന്നതും, |

| | | |
|---|---|---|
| | | ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുവാൻ അവശേഷിക്കുന്നതുമായ കേസുകളിൽ കോടതി നടപടികൾ പൂർത്തികരിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (ഡി) | മൂന്നാറിന്റെ പ്രകൃതി സൗന്ദര്യവും പരിസ്ഥിതി സന്തുലിതാവസ്ഥയും നിലനിർത്താനും ഭൂമി കയ്യേറ്റം ഒഴിപ്പിക്കാനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യുവാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ? | (ഡി) മൂന്നാർ മേഖലയിൽ പരിസ്ഥിതി സംതുലനം, വിനോദ സഞ്ചാരം എന്നീ ഘടകങ്ങൾ പരിശോധിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ആരോഗ്യകരവും കർശനവുമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി വരുന്നു. നിയമ വിരുദ്ധമായി സർക്കാർ ഭൂമി കൈയ്യേറിയ കേസുകളിൽ ശക്തമായ നിയമ നടപടികളിലൂടെ കൈയ്യേറ്റം ഒഴിപ്പിച്ചും സർക്കാർ ഭൂമി സർക്കാർ നിയന്ത്രണത്തിലാക്കുന്ന നടപടികൾ തുടരും. വൻകിട കൈയ്യേറ്റങ്ങളിൽ, അനധികൃതമായി കൈയ്യേറിയ സർക്കാർ ഭൂമി മുൻഗണനാ ക്രമത്തിൽ ഒഴിപ്പിയ്ക്കുന്നതിനും സർക്കാർ കൈവശത്തിലാക്കുന്നതിനുമുള്ള നടപടികളും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

## ഇടുക്കി ജില്ലയിലെ കൃഷിയും വീട്ട നിർമ്മാണത്തിനും ഉൾപ്പെടെ ഭൂമിയിലുള്ള അവകാശങ്ങൾ സംബന്ധിച്ച് നിലവിലുള്ള, ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27/03/2017 ന് രാവിലെ 11 മണിക്ക് കൂടിയ യോഗത്തിന്റെ നടപടി കുറിപ്പുകൾ

ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൃത്യം 11 മണിക്ക് ആരംഭിച്ച യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(2) യോഗ വിഷയം ആമുഖമായി പറഞ്ഞുകൊണ്ട് ഇടുക്കി ജില്ലയിലെ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിന് ജില്ലയിലെ എം.എൽ.എ.മാരോടും എം.പി.യോടും ബഹു. മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

3.5.2014-ലെ G.O(MS)No.177/2014/RD ഉത്തരവിൻ പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന നിവേദിത പി.ഹരൻ അദ്ധ്യക്ഷയായി വട്ടവട കൊട്ടക്കമ്പൂർ വില്ലേജുകളിലെ ഭൂവിനിയോഗം സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ച സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഇറക്കിയ 16/2/2015-ലെ G.O(MS)69/2015/RD നമ്പർ ഉത്തരവ് പുന:പരിശോധിക്കുക, നീലക്കുറിഞ്ഞി സാങ്ച്വറിയുടെ അതിരുകൾ നിർണ്ണയിച്ചതിലുള്ള അപാകതകൾ പരിശോധിക്കുക, പട്ടയ ഭൂമിയിൽ കൃഷിക്കാർ നട്ടുപിടിപ്പിച്ചിട്ടുള്ള മരങ്ങൾ മുറിക്കുന്നതിന് അനുമതി നല്കുക, 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ച നൽകിയ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥകളിൽ ഭേദഗതിയും വ്യക്തതയും വരുത്തുക W.P(C)3787/2005 ഹർജിയിൽ 25/9/15-ൽ ചീഫ് സെക്രട്ടറി നൽകിയ എതിർ സത്യവാങ്മൂലത്തിലുള്ള അപാകത പരിഹരിക്കുക, വീട്ട നിർമ്മാണത്തിനും നവീകരണത്തിനുമുള്ള NOC ലഭ്യമാക്കുന്നതിനുള്ള കാലതാമസവും

ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, മൂന്നാർ പ്രദേശത്തെ ജനജീവിതം ദുസ്സഹമാകാത്ത രീതിയിൽ മാത്രം പരിസ്ഥിതി സംരക്ഷണ നടപടികൾ സ്വീകരിക്കുക. വർഷങ്ങളായി ടി പ്രദേശത്ത് താമസിച്ചുവരുന്നവരുടെ കൈവശ ഭൂമി പതിവിന് വരുമാന പരിധി ബാധകമാക്കാതിരിക്കുക, ഇടുക്കി കളക്ടറേറ്റിനുമുന്നിൽ 7 വർഷമായി ഭൂമി അനുവദിക്കുന്നതിനായി സമരം ചെയ്യുന്ന പെരിഞ്ചാൻകുട്ടിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികളെ അടിയന്തിരമായി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, പത്ത്ചങ്ങല പ്രദേശത്തെ പട്ടയ വിതരണം ത്വരിതപ്പെടുത്തുക, ഇടുക്കി ജില്ലയിലെ പട്ടയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, പട്ടയം അനുവദിച്ച് കിട്ടിയിട്ടും പ്രസ്തുത ഭൂമി അളന്നു കിട്ടിയിട്ടില്ലാത്തവർക്ക് ഭൂമി നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുക മൂന്നാറിൽ നിന്നും 100 KM – ൽ അധികം അകലെ സ്ഥിതി ചെയ്യുന്ന ആന വിലാസം വില്ലേജിനെ മറ്റ് 7 വില്ലേജുകൾക്കൊപ്പം മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന്റെ പരിധിയിൽ ഉൾപ്പെടുത്തിയ നടപടി പുന:പരിശോധിക്കുക, ഇടുക്കി ജില്ലയിൽ അടിയന്തിരമായി ഭൂമി പതിവ് കമ്മിറ്റികൾ രൂപീകരിക്കുക, പീരുമേട് താലൂക്കിലെ വാഗമൺ വില്ലേജിൽ നല്കിയിട്ടുള്ള പട്ടയങ്ങളിലെ സർവ്വേ നമ്പരുകൾ വ്യത്യസ്തമായി കാണുന്നത് പരിഹരിക്കുക, ഇടുക്കി ജില്ലയിലെ മിച്ച ഭൂമി ഏറ്റെടുക്കുന്നതിനും ക്രമീകരിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുക, റീസർവ്വേ അടിയന്തിരമായി പൂർത്തിയാക്കുക, Estate കളുടെ പക്കലുള്ള അധിക ഭൂമി ഏറ്റെടുക്കുക, വിജിലൻസ്, പരിശോധനയ്ക്കായി കൊണ്ടുപോയിട്ടുള്ള രേഖകൾ അടിയന്തിരമായി റവന്യൂ വകുപ്പിൽ തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, കെട്ടിട നിർമ്മാണത്തിന് നിബന്ധനകൾ ആവശ്യമാണെങ്കിൽ അവ നിയമം മൂലം വ്യവസ്ഥ ചെയ്യുക, Data Bank finalize ചെയ്യുക, മൂന്നാറിനുമാത്രമായി പ്രത്യേക നിയമ നിർമ്മാണം നടത്തുക തുടങ്ങിയ വിവിധ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു. വിശദാംശങ്ങളും തുടർ നടപടി സ്വീകരിക്കേണ്ടവയും ചുവടെ ചേർക്കുന്നു.

## (1) 16/2/2015- ലെ G.O(MS)69/2015/RD നമ്പർ ഉത്തരവ് പുന:പരിശോധിക്കുക

ഇടുക്കിജില്ലയിലെ ദേവികുളം താലൂക്കിലെ വട്ടവട, കൊട്ടക്കാമ്പൂർ, കാന്തല്ലൂർ, കീഴാന്തൂർ, മറയൂർ എന്നീ 5 വില്ലേജുകളിലെ യൂക്കാലിപ്റ്റസ്, ഗ്രാന്റീസ് തോട്ടങ്ങൾ ഏറ്റെടുക്കണമെന്നും ടി മേഖലയിൽ ടി മരങ്ങൾ കൃഷി ചെയ്യുന്നത് നിരോധിക്കണമെന്നും ടി മരങ്ങൾ മുറിക്കുന്നത് തടയണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള 16/2/2015- ലെ G.O(MS)69/2015/RD നമ്പർ ഉത്തരവിൻ അപാകതകളുണ്ടെന്നും ഉത്തരവിൽ പരാമർശിക്കുന്ന പല കാര്യങ്ങളിലും വ്യക്തമായ അധികാരപ്പെടുത്തലോ നിർദ്ദേശങ്ങളോ ഇല്ല എന്നും ചില നിർദ്ദേശങ്ങൾ പൂർത്തീകരിക്കുന്നതിന് നിശ്ചിത സമയക്രമം നിർദ്ദേശിച്ചിട്ടില്ല എന്നും ഉള്ള പല അപാകതകൾ കാരണം പ്രസ്തുത ടി വില്ലേജുകളിലെ ജനജീവിതം ദുസ്സഹമാക്കുകയും വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുകയും ചെയ്യുന്നു എന്ന വാദത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് പുന:പ്പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(Action – Revenue (A) Dept)

## (2) നീലക്കുറിഞ്ഞി സാങ്ച്വറി ആയി പ്രഖ്യാപിച്ച പ്രദേശങ്ങളിലെ പ്രശ്നങ്ങൾ

നിലവിലുള്ള പരിസ്ഥിതി സംരക്ഷണബോധപ്രകാരം യൂക്കാലിപ്റ്റസ് ഗ്രാന്റീസ് മരങ്ങൾ ഒഴിവാക്കപ്പെടേണ്ടതാണെങ്കിലും, സ്വകാര്യ വ്യക്തികളുടെ കൈവശം നിലവിലുള്ളതും സർക്കാരിന്റെ ധനസഹായത്തോടെയും പ്രോത്സാഹനത്തോടെയും കൂടി നട്ടുവളർത്തിയ യൂക്കാലി - ഗ്രാന്റീസ് ഉൾപ്പെടെയുള്ള, മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നീലക്കുറിഞ്ഞി സാങ്ച്വറി ആയി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ അനുവാദം നല്കുന്നില്ല എന്നും കൂടാതെ നീലക്കുറിഞ്ഞി സാങ്ച്വറിയുടെ ഇൻഡക്ഷൻ നോട്ടിഫിക്കേഷനിൽ അതിരുകൾ നിർണ്ണയിച്ചതിലുള്ള അപാകതകൾ കാരണം ജനവാസ കേന്ദ്രങ്ങൾ, പട്ടയ ഭൂമികൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുരാലയങ്ങൾ,

ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ തുടങ്ങിയവയെല്ലാം ഉൾപ്പെട്ടിട്ടുണ്ടെന്നും മേൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ദേവികുളം താലൂക്കിലെ കൊട്ടക്കാമ്പൂർ വില്ലേജിലെ ബ്ലോക്ക് 58-ലെയും വട്ടവട വില്ലേജിലെ ബ്ലോക്ക് 62-ലെയും പട്ടയ ഭൂമി ഒഴിച്ചുള്ള ഏകദേശം 3200 ഹെക്ടർ സ്ഥലത്ത് നീലക്കുറിഞ്ഞി ഉദ്യാനം സ്ഥാപിക്കുന്നതിനുവേണ്ടി 6.10.2006-ൽ പുറപ്പെടുവിച്ച പ്രാഥമിക വിജ്ഞാപന പ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി സാങ്ച്വറിയുടെ അതിരുകൾ പുനർ നിർണ്ണയിക്കണമെന്ന ആവശ്യം പരിശോധിക്കേണ്ടതും അന്തിമ വിജ്ഞാവനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(1) Forest area യുടെ പുറത്തുള്ള ഭൂമി റവന്യൂ ഭൂമിയാണെന്ന്, അതായത് CHR വനഭൂമിയല്ലെന്നും റവന്യൂ ഭൂമിയാണെന്നും കേരള ഗവൺമെന്റ് W.P(C)No 209/1995-കേസിൽ ചീഫ് സെക്രട്ടറി മുഖേന ഹൈക്കോടതിയിൽ സത്യവാങ്ങ്മൂലം നൽകിയിട്ടുള്ള സാഹചര്യത്തിൽ CHR ഭൂമി റവന്യൂ ഭൂമിയായി പരിഗണിക്കുന്ന കാര്യം പരിശോധിക്കേണ്ടതാണ്.

Action (Revenue (R) Department) (Forest Dept).

(2)പട്ടയ ഭൂമിയിൽ കൃഷിക്കാർ നട്ടുപിടിപ്പിച്ച മരം മുറിക്കുന്നതിനുള്ള അനുമതി.

ഇടുക്കിജില്ലയിലെ ദേവികുളം റവന്യൂ ഡിവിഷനിൽപ്പെട്ടതും മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന്റെ കീഴിൽ വരുന്നതുമായ എട്ട് വില്ലേജുകളിൽ മരം മുറിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്, എന്നും പതിച്ചുനൽകുന്ന ഭൂമിയിൽ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ മുറിച്ചുമാറ്റാനാവില്ല എന്ന വ്യാഖ്യാനം തെറ്റാണ് എന്നും വച്ച് പിടിപ്പിക്കുന്ന മരങ്ങൾ മുറിച്ച് മാറ്റാനും വിൽക്കാനും ആവില്ലെങ്കിൽ ആരും വൃക്ഷങ്ങൾ വളർത്തില്ല എന്നും അത് പരിസ്ഥിതിക്ക് കോട്ടം വരുത്തും എന്നും സി.എച്ച്. ആർ വനഭൂമിയല്ലെന്നും റവന്യൂ ഭൂമിയാണെന്നും 1980-ലെ വന സംരക്ഷണ നിയമം ബാധകമല്ലാത്തതാണെന്നും കേരള ഗവൺമെന്റ് W.P(C)No.202/1995 കേസിൽ 5/11/2007-ൽ ചീഫ് സെക്രട്ടറി മുഖേന നല്കിയ സത്യവാങ്ങ്മൂലത്തിന്റെ അടിസ്ഥാനത്തിലും ഏലം കൃഷി ഉപേക്ഷിച്ച് മറ്റ് കൃഷികൾ ചെയ്തിട്ടുള്ള ഭൂമിക്ക് മാത്രമേ CHR – ൽ പട്ടയം

നല്കിയിട്ടുള്ള എന്നതിനാലും പതിച്ച് കിട്ടിയ ഭൂമിയിൽ നിലനിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനെ സംബന്ധിച്ച് ഏർപ്പെടുത്തിയിട്ടുള്ള തടസ്സങ്ങൾ പുന:പരിശോധിക്കേണ്ടതാണെന്ന് ജന പ്രതിനിധികൾ ആവശ്യപ്പെട്ടു. (Action: Revenue (A) Dept)

നിലവിൽ 28 ഇനം മരങ്ങൾ മുറിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. എന്നാൽ CHR ഭൂമി, EFL Act പ്രകാരം വിജ്ഞാപനം ചെയ്ത പ്രദേശം Preservation Trees Act പ്രകാരം സ്വകാര്യവനമായി വിജ്ഞാപനം ചെയ്ത പ്രദേശം, ഏലം കൃഷി ചെയ്യുന്ന പ്രദേശം എന്നിവിടങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റാൻ പാടില്ല. ഏലം കൃഷി ചെയ്യുന്ന പ്രദേശത്ത് നിയന്ത്രിത മരം മുറിയാകാവുന്നതാണ്, അതായത് shade regulation- ന വേണ്ടി മരത്തിന്റെ ശാഖകൾ ആവശ്യമെങ്കിൽ മുറിച്ചുമാറ്റാവുന്നതാണ്. ഏലം കൃഷി ഉപേക്ഷിച്ച് മറ്റ് കൃഷികൾ ചെയ്തിട്ടുള്ള ഭൂമിക്ക് മാത്രമേ സി.എച്ച്.ആറിൽ പട്ടയം നല്കിയിട്ടുള്ളൂ എന്ന വാദത്തിന്റെ അടിസ്ഥാനത്തിൽ Kerala Land Assignment (Regularisation of occupation of Forest Land prior to 1/1/1977) Special Rules 1993 യുടെ ബന്ധപ്പെട്ട വകുപ്പിൽ ഭേദഗതി വരുത്തുന്നകാര്യം പരിശോധിക്കേണ്ടതാണ്. (Action Revenue (L) Department)

## <u>(4) 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ പ്രകാരം പതിച്ച് നൽകിയ ഭൂമി കൈമാറ്റം ചെയ്യുന്ന വ്യവസ്ഥകളിൽ ഭേദഗതിയും വ്യക്തതയും വരുത്തുക.</u>

(a) 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ 8-ാം ചട്ടം പട്ടയ വ്യവസ്ഥകൾ സംബന്ധിച്ചിട്ടുള്ളതാണ്. പ്രസ്തുത ചട്ട പ്രകാരം കൈവശ ഭൂമി പതിച്ചുകിട്ടിയാൽ കൈമാറ്റം ചെയ്യുന്നതിന് തടസ്സമില്ലാതിരുന്നതും കൈവശമില്ലാതിരുന്ന ഭൂമി പതിച്ചുകിട്ടിയാൽ കൈമാറ്റം ചെയ്യുന്നതിന് മൂന്നു വർഷത്തെനിരോധനവും ഉണ്ടായിരുന്നു. ടി ചട്ടത്തിൽ 2009-ൽ വന്ന ഭേദഗതി പ്രകാരം പതിച്ചുനൽകുന്ന ഭൂമി 25 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് വിലക്കേർപ്പെടുത്തുകയും പണയംവയ്ക്കുന്നതിന് നിയന്ത്രണങ്ങളേർപ്പെടുത്തുകയും ചെയ്തു. ഇതിന്മേലുണ്ടായ എതിർപ്പുകളെ തുടർന്ന് 30-09-2014 ൽ കൊണ്ടുവന്ന ഭേദഗതിയിലൂടെ

കൈവശഭൂമിക്ക് പട്ടയം നല്കുമ്പോൾ കൈമാറ്റം അനുവദിച്ചുവെങ്കിലും കൈവശമില്ലാത്ത ഭൂമി പതിച്ചു നൽകുന്ന കേസുകളിൽ 25 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിഷയം പരിശോധിക്കേണ്ടതാണ്.

(Action Land Revenue Commissioner, Revenue (U) Dept.)

(b) കൂടാതെ കൈവശഭൂമി പതിച്ചു കൊടുക്കുന്നതിന് വരുമാന പരിധി ബാധകമാക്കിയിട്ടുണ്ടെങ്കിൽ ആയത് പുന:പ്പരിശോധിക്കേണ്ടതാണ്.

(Action Land Revenue Commissioner, Revenue (U) Dept.)

**(5) കേരള ഹൈക്കോടതി മുമ്പാകെ 25/9/2015-ൽ ചീഫ് സെക്രട്ടറി സമർപ്പിച്ച സത്യവാങ്മൂലം തിരുത്തുന്നത്**

തൃശ്ശൂർ ജില്ലയിലെ കോടശ്ശേരി വില്ലേജിലെ പാറമടയുടെ പ്രവർത്തനത്തെ സംബന്ധിക്കുന്ന W.P(C) 3787/2005 ഹർജിയിൽ 25/9/2015-ൽ നൽകിയ എതിർ സത്യവാങ്മൂലത്തിൽ 1/1/1977-ന് മുമ്പ് കുടിയേറിയ കർഷകർക്ക് പട്ടയം നൽകിയ ഭൂമി റിസർവ്വ് വനമാണെന്നും 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ ഭൂമി de reserve ചെയ്യാത്തതുകൊണ്ട് ഇപ്പോഴും വനമായി തുടരുന്നു എന്നുമുള്ള പ്രസ്താവന നിലനിന്നാൽ ഇടുക്കി ജില്ലയിലെ മുഴുവൻ പ്രദേശവും റിസർവ്വ് വനമായി പരിഗണിക്കപ്പെടുമെന്നും 1993-ലെ പ്രത്യേക പതിവ് ചട്ടങ്ങൾ പ്രകാരം നല്കിയിട്ടുള്ള മുഴുവൻ പട്ടയങ്ങളും അസാധുവാക്കപ്പെടുമെന്നും ജനപ്രതിനിധികൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതിയ സത്യവാങ്മൂലം നല്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കുന്നതിന് തീരുമാനിച്ചു. (Action:Revenue (P)Dept)

**(6) വീട് നിർമ്മാണത്തിനും നവീകരണത്തിനും NOC ലഭ്യമാകുന്നതിനുള്ള കാലതാമസം**

വൻകിട കെട്ടിടനിർമ്മാണം, മലമ്പ്രദേശങ്ങളിലെ പാറഖനനം, മരംമുറിക്കൽ വനനശീകരണം, സർക്കാർ ഭൂമിയിലെ കയ്യേറ്റം, മൂന്നാർ ട്രിബ്യൂണലിന്റെ കീഴിൽ വരുന്ന 8 – വില്ലേജുകൾ അതീവ പരിസ്ഥിതി ലോല പ്രദേശമാണ് എന്ന വസ്തുത, കാർഷികാവശ്യത്തിനു പതിച്ചു നൽകിയിട്ടുള്ള ഭൂമിയിൽ വാണിജ്യപരമായ കെട്ടിട നിർമ്മാണം അനുവദനീയമല്ല എന്ന

14/11/2016-ലെ W.P(C)32143/2016, 32145/2016 എന്നീ കേസുകളിലെ ഹൈക്കോടതി വിധി എന്നീക്കാര്യങ്ങളും ബഹു.കേരള ഹൈക്കോടതിയുടെ W.P(C)1801/2010, W.P(C) 34095/2010 എന്നീ കേസുകളിലെ 21/1/2010-ലെ ഇടക്കാല വിധിയുത്തരവിൽ മൂന്നാർ പ്രദേശത്ത് കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ NOC ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതും പരിഗണിച്ച് നിലവിൽ ടി മേഖലയിൽ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനും ദേവികുളം സബ്കളക്ടറുടെ NOC ആവശ്യമുള്ളതും അനുമതിക്ക് ശുപാർശ ചെയ്യപ്പെടുന്നവ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഇക്കാര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി NOC നല്കുന്നതിനുള്ള അധികാരം വികേന്ദ്രീകരിച്ച് നല്കുന്ന കാര്യം പരിശോധിക്കുന്നതിന് നിർദ്ദേശിച്ചു. (ലാന്റ് റവന്യൂ കമ്മീഷണർ, ജില്ലാ കളക്ടർ , ഇടുക്കി)

**(7) മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന്റെ പരിധിയിൽ നിന്നും ആനവിലാസം വില്ലേജിനെ ഒഴിവാക്കുക.**

മൂന്നാർ പ്രദേശത്തു നിന്നും വളരെ അകലെ സ്ഥിതിചെയ്യുന്നതും ഭൂമി ശാസ്ത്രപരമായും കാലാവസ്ഥാപരമായും മൂന്നാർ മേഖലയിൽ നിന്നും വളരെ വ്യത്യസ്തവുമായ ആനവിലാസം വില്ലേജിനെ മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

**(8) പെരിഞ്ചാൻ കുട്ടിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികളെ പുനരധിവസിപ്പിക്കുക.**

പെരിഞ്ചാൻ കുട്ടിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ടവരും ഭൂമി അനുവദിച്ചുകിട്ടുന്നതിനായി വർഷങ്ങളായി ഇടുക്കി കളക്ടേറ്റിന് മുന്നിൽ സമരം ചെയ്തുവരുകയും ചെയ്യുന്ന ആദിവാസികൾക്ക് ഭൂമി അനുവദിക്കുന്ന വിഷയത്തിൽ അടിയന്തിര തീരുമാനം ഉണ്ടാകേണ്ടതാണ്. (Action Land Revenue Commissioner, ജില്ലാ കളക്ടർ , ഇടുക്കി)

**(9) പത്തുചങ്ങല പ്രദേശത്തെ പട്ടയവിതരണം**

4-1-2017-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര തുടർനടപടി സ്വീകരിക്കേണ്ടതാണ്. ( Action റവന്യൂ (എ) വകുപ്പ്)

(10)പട്ടയം അനുവദിച്ചുകിട്ടിയിട്ടും പ്രസ്തുത ഭൂമി അളന്നു കിട്ടിയിട്ടിയില്ലാത്തവർക്ക് ഭൂമി നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുക, വാഗമൺ വില്ലേജിലെ സർവ്വേ നമ്പരുകൾ വ്യത്യസ്തമായി രേഖകളിൽ കാണുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുക, വിജിലൻസ്, പരിശോധനയ്ക്കായി കൊണ്ടുപോയിട്ടുള്ള രേഖകൾ അടിയന്തിരമായി തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, മൂന്നാറിന്റെ പരിസ്ഥിതി കൂടി പരിഗണിച്ച് സഞ്ചാരികളുടെ എണ്ണം അനുസരിച്ച് നിലവിലുള്ള താമസസൗകര്യങ്ങൾ പര്യാപ്തമാണോയെന്ന് പഠനം നടത്തുക എന്നീ വിഷയങ്ങളും പരിശോധിക്കുന്നതിന് നിർദ്ദേശിച്ചു.(Action Land Revenue Commissioner, ജില്ലാ കളക്ടർ , ഇടുക്കി)

സെക്രട്ടറി